# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.54** — **07/08/2017-ൽ മറുപടിക്ക്**

**<u>തൃശ്ശൂർ ജില്ലയിലെ എൽ.ഡി.സി.റാങ്ക് ലിസ്റ്റ്</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും വളരെ കുറച്ച് നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത് എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയിൽ എൽ.ഡി.സി. തസ്തികയിലേക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും 576 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 41 പേരുടെ നിയമന ശിപാർശ 01.08.2017-ന് അംഗീകരിച്ചിട്ടുണ്ട്. നിലവിൽ 14 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്ക് ഉടനടി നിയമന ശിപാർശ നല്കുന്നതാണ്. |
| (ബി) | വിവിധ റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനായി സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമന അധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെ ഉണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു. നിയമനാധികാരി എഴുതി അറിയിക്കുന്ന ഒഴിവുകളിൽ റാങ്ക് |

| | | | |
|---|---|---|---|
| | | | പട്ടിക പ്രാബല്യത്തിൽ ഉള്ള തസ്തികകളിലേയ്ക്ക് താമസംവിനാ പി.എസ്.സി നിയമന ശിപാർശ നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റാങ്ക് പട്ടികകളുടെ കാലാവധി രണ്ടു പ്രാവശ്യം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഒഴിവുകൾ യഥാസമയം പി .എസ് .സി യെ അറിയിക്കുന്നതിൽ ചില വകുപ്പുകളിലെ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായുള്ള പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനും, ഒഴിവുകൾ യഥാസമയം അറിയിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും, ഒഴിവുകളിൽ നിയമനം നടത്തുന്നതിനും ആവശ്യമായ സത്വര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി 2394 ഒഴിവുകൾ കണ്ടെത്തിയിരുന്നു. അവ പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു. അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന തുടർന്നു വരുന്നുണ്ട്. വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് ബന്ധപ്പെട്ട സർക്കുലറുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ |

| | | | |
|---|---|---|---|
| | | | കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി **VARAM** (Vacancy Arising Reporting and Monitoring system) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

of(